# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ - 2320 | | 12.03.2020 ലെ മറുപടിയ്ക്ക് | |
|---|---|---|---|
| പട്ടികജാതി കോളനികളിലെ കുടിവെള്ളക്ഷാമം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | | എ.കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| (എ) | പട്ടികജാതി കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; ഇതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിലും കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്റ്റ് മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലും കുടിവെള്ള വിതരണ പദ്ധതികൾ നിർവ്വഹിക്കാവുന്നതാണ്. ഓരോ സാമ്പത്തിക വർഷവും ജില്ലകൾക്ക് അനുവദിക്കുന്ന കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 25.00 ലക്ഷം രൂപ വരെ അടങ്കൽ തുകയുള്ള കുടിവെള്ള പ്രോജക്ടുകൾ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ജില്ലാ പ്ലാനിംഗ് ഓഫീസറുടെയും, ജില്ലാ പട്ടികജാതി വികസന ഓഫീസറുടെയും, സംയുക്ത പരിശോധന റിപ്പോർട്ടിന്റെയും, ജില്ലാ ഓഫീസറുടെ ഫീസിബിലിറ്റി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് പ്രോജക്ടുകൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുന്നത്. |
| (ബി) | ഇത്തരം കോളനികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) | കുറഞ്ഞത് 5 പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശത്തെ പട്ടികജാതി സങ്കേതമായി കണക്കാക്കിയാണ് കുടിവെള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നത്. ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50%ത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ മാത്രമേ ആ പ്രോജക്ടിന് പൂർണ്ണമായും പട്ടികജാതി ഉപപദ്ധതി ഫണ്ട് വകയിരുത്താൻ കഴിയുകയുള്ളൂ. |
| (സി) | ഈ കോളനികളിൽ കുടുംബങ്ങളുടെ എണ്ണത്തിൽ കുറവ് ഉണ്ടെങ്കിൽ കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് പ്രത്യേക അനുവാദം ലഭിക്കുമോ; അറിയിക്കുമോ? | (സി) | പ്രോജക്ടുകളുടെ ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50%ത്തിൽ കുറവ് ആയിരിക്കുകയും എന്നാൽ 25%മെങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതി ഉപഫണ്ടിൽ നിന്ന് വകയിരുത്താവുന്നതും, ബാക്കി തുക പൊതുവിഭാഗം/തനതു ഫണ്ടിൽ നിന്നും വകയിരുത്തുകയും ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ